കേരള സർക്കാർ **വിവര പൊതുജന സമ്പർക്ക വകുപ്പ്**

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കാസർകോട്

2018 ഡിസം**ബർ** 12, ബുധൻ

# പത്രക്കുറിപ്പ്

**www.prd.kerala.gov.in** **04994 255145** dioksgd@gmail.com

## വനിതാ മതിൽ; കാസർകോട് ജില്ലയിൽ ഒരുലക്ഷം വനിതകൾ അണിനിരക്കും

കാസർകോട് മുതൽ തിരുവന്തപുരം വരെ 2019 ജനുവരി ഒന്നിനു സംഘടിപ്പിക്കുന്ന വനിതാമതിലിൽ ജില്ലയിൽ നിന്ന് ഒരുലക്ഷം വനിതകളെ സംഘടിപ്പിക്കാൻ തീരുമാനമായി. കാസർകോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബുവിന്റെ അധ്യക്ഷതയിൽ വിവിധ സംഘടനകളുടെ പങ്കെടുപ്പിച്ചു നടന്ന വനിതാമതിൽ ജില്ലാതല സംഘാടക സമിതി യോഗത്തിലാണ് ഈ തീരുമാനം. കേരളം കൈവരിച്ച സാമൂഹ്യ പരിഷ്ക്കരണ നേട്ടങ്ങൾ, നവോത്ഥാന മൂല്യങ്ങൾ എന്നി സംരക്ഷിക്കുന്നതിനും സ്ത്രീപുരുഷ സമത്വം ഉയർത്തിക്കാട്ടുന്നതിനുമാണു വനിതാമതിലിലൂടെ ലക്ഷ്യമിടുന്നതെന്ന് ജില്ലാ കളക്ടർ പറഞ്ഞു. എല്ലാത്തരം സംഘടനകളെയും സംഘടിപ്പിച്ചുകൊണ്ടാണു സർക്കാർ ഈ ചരിത്രപരമായ ഈ പരിപാടിക്ക് നേതൃത്വം നൽകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

ഹരിതചട്ടം പൂർണ്ണമായും പാലിച്ചുകൊണ്ട് സംഘടിപ്പിക്കുന്ന വനിതാമതിലിന് ആവശ്യമായ പോസ്റ്റർ, നോട്ടീസ് മറ്റെല്ലാ സംവിധാനവുമൊരുക്കും. ഫ്ളക്സുകൾ പൂർണ്ണമായും നിരോധിക്കും. സ്കൂളുകൾ, കോളേജുകൾ, സർക്കാർ ഓഫീസുകളിലുമുള്ള വനിതകളുടെ സാന്നിദ്ധ്യം ഉണ്ടാകും.

ജനുവരി ഒന്നിനു വൈകുന്നേരം നാലു മണിയോടെ കാസർകോട് താലൂക്ക്

ഓഫീസ് പരിസരത്തു നിന്നും കാലിക്കടവ് വരെയാണു ജില്ലയിലെ വനിതകൾ അണി നിരക്കുന്നത്. 3.45ന് റിഹേഴ്സൽ നടക്കും. 3.30 നകം പങ്കെടുക്കേണ്ടവർ നിശ്ചയിക്ക പ്പെട്ട സ്ഥലങ്ങളിൽ എത്തിച്ചേരണം. നാലുമണിക്ക് വനിതാ മതിൽ തീർത്തശേഷം പ്ര തിജ്ഞ എടുക്കും. വനിതാ മതിൽ കടന്നുപോകുന്ന സ്ഥലങ്ങളിലെ സ്കൂളുകൾ, കോ ളജുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിശ്രമിക്കുന്നതിനും മറ്റും സൗ കര്യമൊരുക്കും. വനിതാ മതിലിനു കൂടുതൽ പ്രചാരണങ്ങൾ നൽകുന്നതിനായി കു ടുംബശ്രീയുടെ നേതൃത്വത്തിൽ തെരുവു നാടകങ്ങൾ, കലാപരിപാടികൾ എന്നിവ സംഘടിപ്പിക്കും.

റവന്യൂമന്ത്രി ഇ.ചന്ദ്രശേഖരനാണു ജില്ലയിലെ സംഘാടനത്തിന്റെ ചുമതല. ജില്ലാ കളക്ടർ കൺവീനറായിട്ടുള്ള സംഘാടക സമിതിക്കാണു രൂപം നൽകിയിട്ടുള്ള ത്. ജില്ലാ സമൂഹ്യനീതി ഓഫീസർ ഡീന ഭരതൻ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.പി ദിനേശ്കുമാർ, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ഡോ.ഗിരീഷ് ചോല യിൽ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ റഷീദ് ബാബു, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ ടി.ടി സുരേന്ദ്രൻ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എസ്.മീനാ റാണി, ഡിസ്ട്രിക്ട് വുമെൻ വെൽഫെയർ ഓഫീസർ എം.ലളിത, ജില്ലാ യൂത്ത് പ്രോ ഗ്രാം ഓഫീസർ കെ.എം പ്രസീത, എൻവൈകെ ജില്ലാ പ്രോഗ്രാം ഓഫീസർ ഷാഫി സലിം, വിവിധ സംഘടനാ ഭാരവാഹികളായ കൊട്ടറ വാസുദേവ്, എം.കേളുപ ണിക്കർ, കെ.പി ഗംഗാധരൻ, എ.വേണുഗോപാൽ, പി.കുഞ്ഞിരാമൻ, അശോകൻ കുന്നൂച്ചി, കൃഷ്ണനായിക് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## മന്ത്രി ഇ.ചന്ദ്രശേഖരന്റെ നേതൃത്വത്തിൽ 18ന് യോഗം

വനിതാ മതിലിനു മുന്നോടിയായി റവന്യൂമന്ത്രി ഇ.ചന്ദ്രശേഖരന്റെ അധ്യക്ഷ തയിൽ ഈ മാസം 18നു ജില്ലയിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷ ന്മാരുമാരുടെ യോഗം നടക്കും. ഉച്ചയ്ക്ക് 1.30ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കുന്ന ഈ യോഗത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാർ എല്ലാവരും പങ്കെടുക്കണമെന്നു ജില്ലാ കളക്ടർ അഭ്യർഥിച്ചു. ഇതേദിവസം തന്നെ ഉച്ച യ്ക്ക് 12ന് കോൺഫറൻസ് ഹാളിൽ നടക്കുന്ന യോഗത്തിൽ നാഷണൽ സേവിംഗ് സ്കീം (എൻഎസ്എസ്) മഹിളാ പ്രധാൻ ഏജന്റ്സ് ഭാരവാഹികൾ, എസ് സി - എസ് ടി പ്രോമോട്ടർമാർ, നഴ്സിംഗ് മേഖലയിലെ പ്രതിനിധികൾ, നഴ്സിംഗ് വിദ്യാർ ഥി പ്രതിനിധികൾ, ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് പ്രതിനിധികൾ, ബാങ്കിംഗ് പ്ര തിനിധികൾ, കോളജ് ഡവലപ്പമെന്റ് കൗൺസിൽ ഭാരവാഹികൾ, ഹയർസെക്കൻഡറി റീജണൽ ഡയറക്ടർ, ഐടിഐ-പോളിടെക്നിക് പ്രതിനിധികൾ തുടങ്ങിയവരും പ

ങ്കെടുക്കണമെന്നും കളക്ടർ അറിയിച്ചു.

വനിതാ മതിലുമായി ബന്ധപ്പെട്ട് ഈ മാസം 28ന് രാവിലെ ഒൻപതിനു റിവ്യു മീറ്റിംഗ് നടക്കുന്നമെന്നും കളക്ടർ പറഞ്ഞു. സംഘാടക സമിതി യോഗത്തിൽ പങ്കെടുത്തുവരും പങ്കെടുക്കാൻ കഴിയാതിരുന്നവരും ഈ യോഗത്തിൽ നിർബന്ധമായും പങ്കെടുക്കണമെന്നും എത്രയാളുകളെ പങ്കെടുപ്പിക്കുമെന്നതടക്കമുള്ള കാര്യങ്ങൾ വ്യക്തമാക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

**ഫോട്ടോ അടിക്കുറിപ്പ്: വനിതാ മതിൽ യോഗം:-**
കാസർകോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബുവിന്റെ അധ്യക്ഷതയിൽ വിവിധ സംഘടനകളുടെ പങ്കെടുപ്പിച്ചു നടന്ന വനിതാ മതിൽ ജില്ലാതല സംഘാടക സമിതിയോഗം.

## 60-ാം സംസ്ഥാന സ്കൂൾ കലോൽസവം ജില്ലയിൽ പ്രൗഢിയോടെ സംഘടിപ്പിക്കും; ജില്ലയ്ക്ക് പതാക കൈമാറി

ജില്ല ആതിഥ്യമരുളുന്ന 60-ാം സംസ്ഥാന സ്കൂൾ കലോൽസവം പ്രൗഢിയോടെ തന്നെ സംഘടിപ്പിക്കുമെന്ന് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ഡോ. ഗിരീഷ് ചോലയിൽ പറഞ്ഞു. പ്രളയത്തെ തുടർന്ന് സർക്കാരിന്റെ ചെലവ് ചുരുക്കൽ നടപടികളുടെ ഭാഗമായി ഈ വർഷത്തെ കലോൽസവ പരിപാടികൾ ലളിതമായാണ് സംഘടിപ്പിച്ചതെങ്കിലും അടുത്ത അധ്യയന വർഷം കൂടുതൽ പ്രൗഡിയോടെ ജില്ലയിൽ ഉത്സവാന്തരീക്ഷത്തിൽ നടത്തുമെന്നും അദ്ദേഹം പറഞ്ഞു. 27 വർഷങ്ങൾക്ക് ശേഷം ജില്ലയിലേക്കെത്തുന്ന സംസ്ഥാന സ്കൂൾ കലോത്സവത്തെ ചരിത്രവിജയമാക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചുവെന്നും അടുത്തുതന്നെ സംഘാടക  സമിതിരൂപീകരണ യോഗം വിളിച്ചു ചേർക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

അടുത്ത അധ്യയന വർഷം കലോത്സവത്തിന് ആതിഥ്യമരുളുന്ന  ജില്ലയ്ക്ക് സംസ്ഥാന കലോത്സവ പതാക കൈമാറുന്ന ചടങ്ങ്  ജില്ലാ കളക്ടറുടെ ചേമ്പറിൽ ലളിതമായ പരിപാടിയോടെ നടന്നു. മഹാപ്രളയത്തെ തുടർന്ന് നവകേരള നിർമ്മിതിക്ക് വിവിധ പദ്ധതികളുമായി മുന്നോട്ടു പോവുന്ന സർക്കാറിന്റെ പ്രവർത്തനങ്ങൾക്ക് ശക്തി പകരാൻ ചെലവ് ചുരുക്കൽ യജ്ഞത്തിന്റെ ഭാഗമായി ഈയിടെ സമാപിച്ച സംസ്ഥാന സ്കൂൾ കലോത്സവത്തിൽ നിന്നും ഉദ്ഘാടന-സമാപന ചടങ്ങുകൾ ഒഴിവാക്കിയിരുന്നു. സമാപന സമ്മേളനത്തിൽ നടത്തേണ്ടിയിരുന്ന ഔദ്യോഗിക പതാക കൈമാറലാണ് ലളിതമായ രീതിയിൽ കളക്ടറുടെ ചേമ്പറിൽ സംഘടിപ്പിച്ചത്.

ജില്ലാ കളക്ടർ ഡോ. ഡി. സജിത്ത് ബാബുവിന്റെ സാന്നിധ്യത്തിൽ

ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ഡോ. ഗിരീഷ് ചോലയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി. ബഷീറിന് പതാക കൈമാറി. വിവിധ വകുപ്പ് പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

**ഫോട്ടോ അടിക്കുറിപ്പ് (യൂത്ത് ഫെസ്റ്റിവൽ ഫ്ളാഗ്):-**

ജില്ല ആതിഥ്യമരുളുന്ന 60-ാം സംസ്ഥാന സ്കൂൾ കലോത്സവത്തിന് മുന്നോടിയായി ജില്ലാകളക്ടറുടെ സാന്നിധ്യത്തിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി. ബഷീറിന് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ഡോ. ഗിരീഷ് ചോലയിൽ കലോത്സവ പതാക കൈമാറുന്നു.

## ഉത്സവങ്ങൾ ഹരിതാഭമാക്കണം: ജില്ലാ കളക്ടർ

ഉത്സവങ്ങളുടെയും ആഘോഷങ്ങളുടെയും നാളുകൾ വരാൻ പോകുന്നതിനാൽ ജില്ലയിലെ മുഴുവൻ ഉത്സവാഘോഷ പരിപാടികളും ഹരിതാഭമാക്കാൻ ഹരിത ചട്ടം നടപ്പാക്കണമെന്ന് ജില്ലാ കളക്ടർ ഡി.സജിത്ത് ബാബു അഭ്യർത്ഥിച്ചു. പരിസര ശുചീകരണത്തിലും ഹരിതകേരളം കർമ്മ പദ്ധതി നടത്തിപ്പിലും നിർണ്ണായക പങ്കുവഹിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരം പരിപാടികളിലും ഹരിത ചട്ടങ്ങൾ നടപ്പാക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണം. കേരളത്തിന്റെ സവിശേഷതയായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുക്കുക എന്ന ലക്ഷ്യത്തിലേക്കാണ് നാം നീങ്ങുന്നത്. ഭൂമിയും മണ്ണും ജലവും വായുവും മലിനമാക്കാതെയുള്ള നവവികസന പ്രവർത്തനങ്ങളിൽ നാം ഓരോരുത്തരും പങ്കാളികളാവണമെന്ന് അദ്ദേഹം പറഞ്ഞു.

ജില്ലയിൽ ഹരിത കേരളം മിഷന്റെയും മറ്റും നേതൃത്വത്തിൽ ബഹുമുഖമായ കർമ്മ പദ്ധതികൾ ഇതിനകം തന്നെ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരികയാണ്. ഈ ദൗത്യത്തിൽ സമൂഹത്തിലെ നാനാവിഭാഗം ജനങ്ങളും പ്രസ്ഥാനങ്ങളും മാധ്യമങ്ങളും സമൂഹമാകെത്തന്നെയും സ്വമേധയാ രംഗത്തിറങ്ങണം. ഇത്തരമൊരു സമീപനമാണു വരാൻ പോകുന്ന തെയ്യക്കാലത്തും ഉത്സവം, ഉറൂസ്, പെരുന്നാൾ ഘട്ടങ്ങളിലും സ്വീകരിക്കേണ്ടതെന്ന് ജില്ലാ കളക്ടർ പറഞ്ഞു.

ഗ്രീൻ പ്രോട്ടോക്കോൾ നടത്തിപ്പിനായി ഓരോ ഗ്രാമ പഞ്ചായത്തിലും പ്രത്യേകം സമിതികൾ ഉണ്ടാക്കണമെന്നും കൃത്യമായി നിരീക്ഷണ അവലോകനങ്ങൾ നടത്തി ഉത്സവ സംഘാടകർക്ക് യഥാസമയം മാർഗ്ഗ നിർദ്ദേശം നൽകണമെന്നും ജില്ലാ കളക്ടർ നിർദ്ദേശിച്ചു. ഇത് സംബന്ധിച്ച പ്രത്യേക മാർഗ്ഗരേഖ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇതിനകം നൽകിയിട്ടുണ്ട്. അതിലെ ഓരോ

നിർദ്ദേശവും ഉത്സവ മേഖലകളിൽ പാലിക്കപ്പെടുന്നു എന്ന് കർശനമായി ഉറപ്പുവരുത്തണമെന്നും കളക്ടർ അഭ്യർത്ഥിച്ചു. പ്ലാസ്റ്റിക് ഉൽപന്നങ്ങൾക്ക് പൂർണ്ണമായും വിട നൽകി പ്രകൃതി സൗഹൃദ ജൈവ ഉൽപന്നങ്ങൾക്ക് പ്രാമുഖ്യം നൽകണമെന്നും 'മാലിന്യമുക്ത ഹരിതാഭ ജില്ല' എന്ന ലക്ഷ്യ പ്രാപ്തിയിലേക്കുള്ള കർമ്മപരിപാടികളുമായി ഓരോ പ്രാദേശിക ഉത്സവ കമ്മിറ്റികളും ജനപ്രതിനിധികളും സഹകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## പാഴ്‌വസ്തുക്കൾ വിറ്റ് 10,200 രൂപ ദുരിതാശ്വാസ നിധിയിലേക്ക്

ഹരിതകേരളം മിഷൻ ഹരിതസ്പർശത്തിന് ഞാനും എന്റെ വിദ്യാലയവും പരിപാടിയുടെ ഭാഗമായി കൊടക്കാട് ജി.ഡബ്ല്യു.യു.പി.സ്കൂൾ കുട്ടികൾ രക്ഷിതാക്കളുടെ സഹായത്തോടെ പാഴ്‌വസ്തുക്കൾ ശേഖരിച്ചു സ്വരൂപിച്ച തുക പ്രളയ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറി. 10,200 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ജില്ലാ കളക്ടർ ഡോ. ഡി.സജിത്ത് ബാബുവിന് സ്കൂൾ പാർലമെന്റ് കുട്ടികളുടെ പ്രധാനമന്ത്രി, പ്രതിപക്ഷ നേതാവ്, ഗൈഡ് ക്യാപ്റ്റൻ, സ്കൂൾ ബി.എം.സി, കുട്ടികളുടെ പ്രതിനിധി എന്നിവർ ചേർന്ന് കൈമാറി. ചടങ്ങിൽ ഏറ്റവും നല്ല ശുചിത്വ പ്ലേറ്റുകൾക്കുള്ള മെഡൽ വിതരണവും കളക്ടർ നിർവഹിച്ചു, ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ടി.വി. ശ്രീധരൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ എം.പി സുബ്രഹ്മണ്യൻ, പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എം കുഞ്ഞിരാമൻ മാസ്റ്റർ ,നീലേശ്വരം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഡോ. വീണാ റാണി, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ. എം.കെ. വിജയകുമാർ, പ്രഥാനാധ്യാപകൻ .കെ.ടി.വി നാരായണൻ, പി.ടി.എ പ്രസിഡണ്ട് സുരേഷ് പി.എസ്, മദർ പി.ടിഎ. പ്രസിഡണ്ട് ശ്രീജ എ എന്നിവർ സംബന്ധിച്ചു.

### ഫോട്ടോ അടിക്കുറിപ്പ്-(കൊടക്കാട് സ്കൂൾ)

ഹരിതസ്പർശത്തിന് ഞാനും എന്റെ വിദ്യാലയവും പരിപാടിയുടെ ഭാഗമായി കൊടക്കാട് ജി.ഡബ്ല്യു.യു.പി.സ്കൂൾ കുട്ടികൾ പാഴ്‌വസ്തുക്കൾ ശേഖരിച്ചു സ്വരൂപിച്ച തുക പ്രളയ ദുരിതാശ്വാസ നിധിയിലേക്ക് ജില്ലാ കളക്ടർ ഡോ. ഡി.സജിത്ത് ബാബുവിന് കൈമാറുന്നു.

## പാറയിൽ നിന്ന് നൂറുമേനി വിളയിച്ച് കൊടക്കാട്ടെ കുട്ടികൾ

ഹരിതകേരളം മിഷന്റെയും കൃഷി വകുപ്പിന്റെയും സഹായത്തോടെ കൊടക്കാട് ജി.ഡബ്ല്യു.യു.പി.സ്കൂളിൽ ആരംഭിച്ച സ്ഥാപനതല പച്ചക്കറി കൃഷിയുടെ ഒന്നാം ഘട്ട വിളവെടുപ്പിന്റെ ഉദ്ഘാടനം ജില്ലാ കളക്ടർ ഡോ. ഡി.സജിത്ത് ബാബു നിർവഹിച്ചു. പയറ്, കക്കരി, ചീര, പടവലം, നരമ്പൻ, മുളക്, വഴുതിന, കപ്പ, ഫാഷൻ ഫ്രൂട്ട്, മത്തൻ, തക്കാളി, കുമ്പളം, പാവക്ക തുടങ്ങി പതിനാറോളം ഇനങ്ങൾ അര ഏക്കറോളം വരുന്ന സ്ഥലത്ത് കൃഷി ചെയ്ത് മികവ് തെളിയിച്ചിരിക്കുകയാണ് കൊടക്കാടെ കുട്ടികൾ. ചടങ്ങിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്. ടി.വി. ശ്രീധരൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ എം.പി സുബ്രഹ്മണ്യൻ, പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ.എം കുഞ്ഞിരാമൻ മാസ്റ്റർ,നീലേശ്വരം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഡോ. വീണാ റാണി, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എം.കെ. വിജയകുമാർ, പ്രഥാനാധ്യാപകൻ കെ.ടി.വി നാരായണൻ, പി.ടി.എ പ്രസിഡണ്ട് സുരേഷ് പി.എസ്, മദർ പി.ടിഎ. പ്രസിഡണ്ട് ശ്രീജ എ എന്നിവർ സംബന്ധിച്ചു.

## ഫോട്ടോ അടിക്കുറിപ്പ്-(കൃഷി)

ഹരിതകേരളം മിഷന്റെയും കൃഷി വകുപ്പിന്റെയും സഹായത്തോടെ കൊടക്കാട് ജി.ഡബ്ല്യു.യു.പി.സ്കൂളിൽ ആരംഭിച്ച സ്ഥാപനതല പച്ചക്കറി കൃഷിയുടെ ഒന്നാം ഘട്ട വിളവെടുപ്പിന്റെ ഉദ്ഘാടനം ജില്ലാ കളക്ടർ ഡോ. ഡി.സജിത്ത് ബാബു നിർവഹിക്കുന്നു

## സംഘാടക സമിതി രൂപികരണ യോഗം ഇന്ന്

ജില്ലയിൽ പുതുതായി രൂപീകരിച്ച മഞ്ചേശ്വരം താലൂക്ക്തല ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ഓഫീസിന്റെ ഉദ്ഘാടനം ഡിസംബർ 22 ന് റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ സിവിൽ സപ്ലൈസ് മന്ത്രി പി. തിലോത്തമൻ നിർവ്വഹിക്കും. ഈ പരിപാടിയുടെ സംഘാടക സമിതി രൂപീകരണയോഗം ഇന്ന്(13) ഉച്ചയ്ക്ക് 2 മണിക്ക് മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് ഹാളിൽ ചേരുന്നതാണെന്ന് കാസർകോട് ലീഗൽ മെട്രോളജി അസിസ്റ്റന്റ് കൺട്രോൾ ഓഫീസർ അറിയിച്ചു.

## കെയർഗിവർ, നേഴ്സ് നിയമനം

പരവനടുക്കം ഗവ.വൃദ്ധമന്ദിരത്തിൽ വൃദ്ധജന പരിപാലനത്തിന് കെയർഗിവർമാരുടെയും നേഴ്സിന്റെയും ഒഴിവിലേക്ക് നിയമനം നടത്തുന്നു. കെയർ ഗിവർമാരുടെ ഒഴിവുകളിലെക്ക് എട്ടാം ക്ലാസ്സ് പാസ്സായ പുരുഷൻമാർക്കും സ്ത്രീകൾക്കും അപേക്ഷിക്കാം. ഡിസംബർ 17 ന് രാവിലെ 11 മണിക്ക് പരവനടുക്കം

ഗവ.വൃദ്ധമന്ദിരത്തിൽ നടത്തുന്ന കൂടിക്കാഴ്ചയിൽ, അപേക്ഷ, ബയോഡാറ്റാ, യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ(ഫോട്ടോകോപ്പികളും) സഹിതം നേരിട്ട് ഹാജരാകണം.

നേഴ്സിന്റെ ഒഴിവിലേക്ക് നേഴ്സിങ്ങിൽ ഡിപ്ലോമ, ഡിഗ്രി ഉള്ളവർക്കും ഡിസംബർ 17 ന് നടക്കുന്ന കൂടിക്കാഴ്ചയിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 04994 239726.

## പെൻഷൻ അദാലത്ത് നടത്തും

മുളിയാർ ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് പെൻഷൻ അദാലത്ത് ഡിസംബർ 26 ന് 11 മണിക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടത്തും. അദാലത്തിൽ പരിഗണിക്കേണ്ട പരാതികൾ ഡിസംബർ 20 ന് വൈകീട്ട് അഞ്ചുമണിക്ക് അകം ബന്ധപ്പെട്ട രേഖകൾ സഹിതം പഞ്ചായത്ത് ഓഫീസിൽ സമർപ്പിക്കണം.

ബേഡഡുക്ക ഗ്രാമപഞ്ചായത്തിൽ നിന്നും വിവിധ കാരണങ്ങളാൽ പെൻഷൻ നിരസിക്കപ്പെട്ടതായി അറിയിപ്പ് ലഭിച്ച സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകരുടെ പരാതി പരിഹരിക്കുന്നതിന് ഡിസംബർ 28 ന് രാവിലെ 10.30 മുതൽ വൈകീട്ട് 5 വരെ ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയത്തിൽ അദാലത്ത് നടത്തും. നിര സിക്കപ്പെട്ട അപേക്ഷകർ ഡിസംബർ 22 നകം ഗ്രാമപഞ്ചായത്ത് ഓഫീസിൽ രേഖാ മൂലം അപേക്ഷ സമർപ്പിക്കണം.

## കുടുംബശ്രീ ബ്ലോക്ക് കോഡിനേറ്റർ പരീക്ഷ

കുടുംബശ്രീ ജില്ലാ മിഷനിലെ എംഐഎസ് ബ്ലോക്ക് കോഡിനേ റ്റർക്കുള്ള എഴുത്തുപരീക്ഷ ഡിസംബർ 22 ന് രാവിലെ 10 മണി മുതൽ നായൻമാർമൂല ടിഐഎച്ച്എസ്എസിൽ നടക്കും. ഉദ്യോഗാർത്ഥികൾ ഹാൾ ടിക്ക റ്റും അസൽ സർട്ടിഫിക്കറ്റും സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം പരീക്ഷയ്ക്ക് അര മണിക്കൂർ മുമ്പേ ഹാളിൽ ഹാജരാകണം.

## ലാബ് ടെക്നിഷ്യൻ നിയമനം

ജില്ലയിൽ നിലവിലുണ്ടാകാനിടയുള്ള ലാബ് ടെക്നീഷ്യൻമാരുടെ ഒഴിവുകളിലേയ്ക്ക് അഭിമുഖം നടത്തുന്നു. യോഗ്യത: പ്ലസ് ടു(സയൻസ്), ഡി.എം. എൽ ടി,ബി.എസ്.സി എം.എൽ.ടി. ഉദ്യോഗാർത്ഥികൾ ഡിസംബർ 17 ന് രാവിലെ 10 മണിക്ക് കാഞ്ഞങ്ങാട് ജില്ലാ മെഡിക്കൽ ഓഫീസിൽ (ആരോഗ്യം) നടക്കുന്ന അഭിമു

ഖത്തിന് അസൽ രേഖകൾ സഹിതം ഹാജരാകണം. ഫോൺ- 0467-2203118, 9946105497

## സ്വാഗതസംഘം രൂപീകരണ യോഗം ഇന്ന്

കാസ്രോട്ടെ രുചിപ്പെരുമ 2018 കുടുംബശ്രീ ഭക്ഷ്യമേളയും ഉൽപന്ന പ്രദർശന വിപണന മേളയും ഡിസംബർ 20 മുതൽ 31 വരെ പള്ളിക്കര ബീച്ച് പാർക്ക് പരിസരത്ത് നടത്തും. ഇതിന്റെ സ്വാഗത സംഘ രൂപികരണ യോഗം ഇന്ന് (13)ഉച്ചയ്ക്ക് 2 മണിക്ക് പള്ളിക്കര സി ഡി എസ് ഹാളിൽ നടത്തും.

## ജില്ലാ വികസന സമിതി യോഗം 29 ന്

ഡിസംബർ മാസത്തിലെ ജില്ലാ വികസന സമിതി യോഗം 29 ന് രാവിലെ 11 ന് കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ ചേരും.

## ഗസ്റ്റ് അധ്യാപകരെ ആവശ്യമുണ്ട്

കാസർകോട് ഗവ.കോളേജിൽ കൊമേഴ്സ് വിഷയത്തിൽ ഗസ്റ്റ് അധ്യാപകരെ ആവശ്യമുണ്ട്. 55 ശതമാനം മാർക്കോടുകൂടിയ ബിരുദാനന്തര ബിരുദവും നെറ്റും പാസായവർക്ക് അപേക്ഷിക്കാം. നെറ്റ് യോഗ്യതയുള്ളവരുടെ അഭാവത്തിൽ ബിരുദാനന്തര ബിരുദക്കാരെയും പരിഗണിക്കും. കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യലയത്തിൽ പേര് രജിസ്റ്റർ ചെയ്ത യോഗ്യരായ ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം അഭിമുഖത്തിന് ഡിസംബർ 15 ന് രാവിലെ 10.30 ന് പ്രിൻസിപ്പാൾ മുൻപാകെ ഹാജരാകണം. ഫോൺ- 04994 256027.

## പ്രോജക്ട് കോഡിനേറ്റർ ഒഴിവ്

ഫിഷറീസ് വകുപ്പ് ജില്ലയിൽ ഉൾനാടൻ മത്സ്യകൃഷി വ്യാപനത്തിന്റെ ഭാഗമായി ഒരു പ്രൊജക്ട് കോർഡിനേറ്ററെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നു. വിദ്യാഭ്യാസ യോഗ്യത എം.എസ്.സി.സുവോളജി, ബി.എഫ്.എസ്.സി. ബിരുദം, ഫിഷറീസ് സയൻസ് വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം. അക്വാകൾച്ചറിൽ പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണന നൽകും.താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, പാസ്സ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം ഡിസംബർ 15 -ന് രാവിലെ 10.30 ന് കാഞ്ഞങ്ങാട് പ്രവർത്തിക്കുന്ന ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയത്തിൽ നടക്കുന്ന കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം.

## ഓഫീസ് അറ്റൻഡന്റ്,പാർട്ട് ടൈം സ്വീപ്പറെ ആവശ്യമുണ്ട്

വെള്ളരിക്കുണ്ടിലും കുമ്പളയിലും പ്രവർത്തിക്കുന്ന താലൂക്ക് തല സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസുകളിലേക്ക് ദിവസ വേതന വ്യവസ്ഥയിൽ താത്ക്കാലികമായി ഓഫീസ് അറ്റൻഡന്റ് (2 )പാർട്ട് ടൈം സ്വീപ്പർ( 2) എന്നീ തസ്തികകളിൽ നിയമനം നടത്തും. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ആവിശ്യമായ രേഖകൾ സഹിതം ഡിസംബർ 20 ന് രാവിലെ 11ന് കുമ്പള സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലും ഡിസംബർ 21 ന് രാവിലെ 11 ന് പരപ്പ സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലും അഭിമുഖത്തിന് ഹാജരാകണം

## പ്രത്യേക യോഗം ചേരും

ജില്ലാ പദ്ധതിയുടെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രൊജക്ടുകളെ കുറിച്ചും സംയുക്ത പ്രൊജക്ടുകളെ കുറിച്ചും ചർച്ച ചെയ്യുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ പ്രത്യേക യോഗം ഡിസംബർ 17 ന് ഉച്ചയ്ക്കു രണ്ടു മണിക്ക് ജില്ലാ ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ ചേരും.

## സൗജന്യ ചുരിദാർ, ബ്ലൗസ്മേക്കിംഗ് കോഴ്സ്

കേന്ദ്ര നൈപുണ്യവികസന മന്ത്രാലയത്തിന്റെ കമ്മ്യൂണിറ്റി ഡവലപ്മെന്റ് ത്രൂ പോളിടെക്നിക് എന്ന പദ്ധതിയുടെ ഭാഗമായി തൃക്കരിപ്പൂർ ഇ കെ എൻ എം ഗവ. പോളിടെക്നിക് കോളേജിൽ നടത്തുന്ന സൗജന്യ ചുരിദാർ, ബ്ലൗസ് മേക്കിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.അപേക്ഷഫോറം പോളിടെക്നിക്കിൽ നിന്നും ലഭിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയ്യതി ഡിസംബർ 17. കൂടുതൽ വിവരങ്ങൾക്ക് 9446696201.

## ജില്ലാതല ഭരണഘടനാ സംഗമം ഡിസംബർ 16 ന്

ജില്ലാതല ഭരണഘടനാ സംഗമം ഡിസംബർ 16 ന് കാഞ്ഞങ്ങാട് ടൗൺ ഹാളിൽ സംഘടിപ്പിക്കുന്നതിന് ജില്ലാ സാക്ഷരതാ സമിതി തീരുമാനിച്ചു. കേരള നിയമസഭയും സാക്ഷരതാമിഷനും ചേർന്ന് സംഘടിപ്പിക്കുന്ന ഭരണഘടനാ സാക്ഷരതാ ജനകീയ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി ജില്ലയിൽ 5000 ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും മൂന്ന് ലക്ഷം ജനങ്ങളിലേക്ക് ഭ

രണ ഘടനാ സന്ദേശം എത്തിക്കുന്നതിന് ആവശ്യമായ റിസോഴ്സ് പേഴ്സൺ മാർക്ക് ജില്ലാ സാക്ഷരതാസമിതിയുടെ നേതൃത്വത്തിൽ പരിശീലനം നൽകാനും തീരുമാനമായി

യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് എ.ജി.സി.ബഷീർ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബു, ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരായ ഷാനവാസ് പാദൂർ, അഡ്വ.എ.പി.ഉഷ, ജില്ലാ സമിതി അംഗങ്ങളായ പപ്പൻ കുട്ടമത്ത്, കെ.വി.രാഘവൻമാസ്റ്റർ, രാജൻ പൊയിനാച്ചി, എസ്.എസ്.എ.പ്രോജക്ട് ഓഫീസർ പി.പി.വേണുഗോപാലൻ തുടങ്ങിയവർ സംസാരിച്ചു .ജില്ലാ കോ-ഓർഡിനേറ്റർ ഷാജുജോൺ സ്വാഗതവും, അസി.കോ-ഓർഡിനേറ്റർ പി.വി.ശാസ്തപ്രസാദ് നന്ദിയും പറഞ്ഞു.

(അവസാനിച്ചു)